പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --4344    19.10 .2011- ലെ മറുപടിക്ക്

<u>പ്രവാസി കേരളീയരുടെ പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായപദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. എം. ഹംസ | <u>ശ്രീ. കെ. സി. ജോസഫ്</u><br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശത്ത് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നിലവിൽ നൽകി വരുന്നത്; വിശദീകരി ക്കാമോ; | (എ) 1. <u>സാന്ത്വന</u><br><br>ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ/അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിക്ക് /പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ |

ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 10,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്.

2. **കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറു നാടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസി കേരളീയരുടെ ഭൗതിക ശരീരം കൊണ്ടു വരുന്നതിനാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്.

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ളവർ മരണമടയുമ്പോൾ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 10,000 മുതൽ 50,000 രൂപ വരെ മരണാനന്തര സഹായമായി ആശ്രിതർക്ക നൽകിവരുന്നുണ്ട്.

(ബി) വിദേശത്ത് വച്ച് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ കുട്ടികൾക്ക് ഒരു വിദ്യാഭ്യാസ സഹായ പദ്ധതി തുടങ്ങുന്നതിനെക്കുറിച്ച് സർക്കാർ തീരുമാനിച്ചിരുന്നുവോ; എങ്കിൽ അതിന്റെ കാലിക സ്ഥിതി വിശദമാക്കാമോ?

ബി) വിദേശത്ത് വച്ച് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ കുട്ടികൾക്ക് ഒരു വിദ്യാഭ്യാസ സഹായ പദ്ധതി തുടങ്ങുന്നതിനെക്കുറിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ